DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

07-11-2018

കാർഷികമേഖലാവാർത്തകൾ

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാ പോണിക്സ് എന്ന കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി 2018, November 28 മുതൽ 30 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര യിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേ ഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.

## പരിശീലനം

പത്തനംതിട്ട ജില്ല കൃഷി വിജ്ഞാന കേന്ദ്രത്തിൽ മണ്ണിര കമ്പോസ്റ്റ് ഉല്പാദകരാകുവാൻ തൊഴിലധിഷ്ഠിത പരിശീലനം ആരംഭിക്കുന്നു. ജൈവവളമായ മണ്ണിര കമ്പോസ്റ്റ് ഉത്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തോടൊപ്പം യുവതി യുവാക്കൾക്ക് വരുമാന മാർഗ്ഗം ഉറപ്പാക്കുന്ന ഒരു സംരഭമായും ഇതിനെ വളർത്തിയെടുക്കുക എന്നതാണ് ഈ പരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്. 25 ദിവസം ദൈർഘ്യമുള്ള

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 1000 രൂപ സ്റ്റൈപ്പന്റും സൗജന്യ ഭക്ഷണവും നൽകുന്നതാണ്. പരിശിലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അഗ്രിക്കൾച്ചർ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റും നൽകുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 20 പേർക്കാണ് പരിശീലനം നൽകുന്നത്. കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് നവംബർ 7 ന് 3 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ., തടിയൂർ, തിരുവല്ല -689545 എന്ന വിലാസത്തിലോ 8078572094 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

## അറിയിപ്പ്

പന്തൽവിളകൾക്ക് പടർത്തുവലകൾ വൻതോതിൽ ആവശ്യമുള്ളവർ എറണാകുളത്തുള്ള മത്സ്യഫെഡ് നെറ്റ് ഫാക്ടറിയുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0484-2391426 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കോട്ടയം ചങ്ങനാശ്ശേരി വാഴപ്പിള്ളി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയായ **താറാവ് വളർത്തൽ** പദ്ധതി പ്രകാരം ഗുണഫോക്തൃ വിഹിതം അടച്ച ഗുണഫോക്താക്കൾ നാളെ ഒറിജിനൽ ആധാർ കാർഡുമായി തുരുത്തു മൃഗാശുപത്രിയിൽ രാവിലെ 10 മണിയ്ക്ക് എത്തി താറാവിൻ കുഞ്ഞുങ്ങളെ കൈപ്പറ്റണമെന്ന് തുരുത്തി മൃഗാശുപത്രി

വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481- 2321244

## അറിയിപ്പ്

2018 -19 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഹരിതഭവനം, കിണർ റിചാർജിങ്ങ്, തെങ്ങുകൃഷി, വാഴകൃഷി, പമ്പ്സെറ്റ്, തരിശുഭൂമികൃഷി, ജൈവ പച്ചക്കറി കൃഷി എന്നിവയ്ക്ക് വ്യക്തികൾക്കും ഗ്രാപ്പുകൾക്കും വെമ്പായം കൃഷി ഭവനിൽ നിന്നും ആനുകൂല്യം നൽകി വരുന്നു. താൽപര്യമുള്ള കർഷകർ എത്രയും പെട്ടെന്ന് വെമ്പായം കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

## വിളപരിപാലന നിർദ്ദേശങ്ങൾ

കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ നൽകുന്ന വിള പരിപാലന നിർദ്ദേശങ്ങൾ ഇനി പറയുന്നു. ശീതകാല പച്ചക്കറികളായ കാബേജും, കോളിഫ്ളവറും നടാൻ പറ്റിയ സമയമാണിപ്പോൾ. നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സമയമാണ് കൃഷിയ്ക്ക് ഏറ്റവും അനുയോജ്യം. കൃഷിയ്ക്ക് നല്ല സൂര്യപ്രകാശവും നീർവാർച്ചയുമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഒരടി വീതിയും (30 സെന്റീമീറ്റർ) താഴ്ച്ചയുമുള്ള ചാലുകൾ രണ്ടടി (60 സെന്റീമീറ്റർ) അകലത്തിൽ എടുക്കുക. ഒരു സെന്റിന് 100 കിലോ എന്ന തോതിൽ ജൈവവളവും 2.5 കിലോഗ്രാം കുമ്മായവും ചേർക്കണം. ചാലുകൾ മുക്കാൽ ഭാഗത്തോളം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി (45 സെന്റീമീറ്റർ) അകലത്തിൽ തൈകൾ നടണം.